# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

ഇ.ബി(1) 50/2018

തിരുവനന്തപുരം, തീയതി, 30.08.2018
website: www.cooperation.kerala.gov.in
e-mail: keralarcs@gmail.com

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:
1. ജി.ഒ.(പി) നം. 85/2011/ഫിൻ, തീയതി 26.02.2011 നമ്പർ ഉത്തരവ്.
2. ജി.ഒ.(പി) നം. 143/2011/ഫിൻ, തീയതി 30.03.2011 നമ്പർ ഉത്തരവ്.
3. ജി.ഒ.(പി) നം. 7/2016/ഫിൻ, തീയതി 20.01.2016 നമ്പർ ഉത്തരവ്.
4. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ജനറൽ) ടെ 31.07.2018 ലെ RCS/3233/2018-EB(1) നമ്പർ ഉത്തരവ്.
5. ജി.ഒ.(ആർ.റ്റി) നം. 158/2018/സഹ: തീയതി 16.03.2018 നമ്പർ ഉത്തരവ്.

..........

മേൽ പരാമർശം (1), (2), (3) പ്രകാരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളുടെ 25% ഹയർ ഗ്രേഡ് തസ്തികകളായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (4) പ്രകാരം 31.07.2018-ന് അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) തസ്തികയിൽ നിന്നും 5 പേർ വിരമിച്ചതിനെ തുടർന്ന് ടി തസ്തികയിൽ നിലവിൽ 5 ഒഴിവുകളുണ്ട്. ടി സാഹചര്യത്തിൽ പരാമർശം (5) പ്രകാരമുള്ള അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും താഴെ പറയുന്ന 5 പേർക്ക് 39500-83000 രൂപ ശമ്പള നിരക്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർമാരുടെ പേര് | ഹയർ ഗ്രേഡിന് പ്രാബല്യം നൽകിയ തീയതി |
|---|---|---|
| 1 | കെ.എം. സത്യനാഥൻ | 01.08.2018 |
| 2 | പി. മുരളികുമാർ | 01.08.2018 |
| 3 | സി. അബ്ദുൽ ജബ്ബാർ | 01.08.2018 |
| 4 | കെ. പുഷ്പജകുമാരി | 01.08.2018 |
| 5 | എ.കെ. സുന്ദരൻ | 01.08.2018 |

അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ (ഹയർ ഗ്രേഡ്) അനുവദിച്ച് ഉത്തരവായതിനെ തുടർന്ന് ശമ്പളം നിർണ്ണയിച്ച് നൽകുന്നത് നിലവിലുള്ള

വ്യവസ്ഥകൾക്കും, അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളയുടെ അംഗീകാരത്തിനും വിധേയമായിരിക്കുന്നതാണ്.

(ഒപ്പ്),
പി.എസ്. മനോജ്
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
5) ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർമാർക്ക്
6) ബന്ധപ്പെട്ട ജില്ലാ ട്രഷറി ആഫീസർമാർക്ക്
7) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)